**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **07-10-2021 - ൽ മറുപടിയ്ക്ക്**

**കടമക്കുടിയിലെ ശ്മശാന നിർമ്മാണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജ് കടമക്കുടി ഗ്രാമപഞ്ചായത്ത് വക റീ സർവ്വെ 28/9-ൽ ഉൾപ്പെട്ട 11.10 ആർ. സ്ഥലത്ത് ശ്മശാന നിർമ്മാണാനുമതിക്കും ലൈസൻസിനുമായി കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.1.2017-ൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | കടമക്കുടി വില്ലേജിൽ കടമക്കുടി ഗ്രാമപഞ്ചായത്ത് വക റീ സർവ്വെ 28/9-ൽ ഉൾപ്പെട്ട 11.10 ആർ സ്ഥലത്ത് ശ്മശാന നിർമ്മാണ അനുമതിക്കും ലൈസൻസിനുമായി കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.1.2017-ൽ സമർപ്പിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല. എന്നാൽ എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട് എന്നും ടി അപേക്ഷയിൽ കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ 6(7) പ്രകാരം, ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനും കടമക്കുടി വില്ലേജ് ഓഫീസിലും കടമക്കുടി ഗ്രാമപഞ്ചായത്തിലും നിശ്ചിത മാതൃകയിലുള്ള നോട്ടീസ് പരസ്യ പ്പെടുത്തുവാൻ നൽകിയിട്ടുണ്ടെന്നും ശ്മശാന നിർമ്മാണത്തിന് അനുമതി നൽകിയാൽ ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാനപ്രശ്നം ഉണ്ടാകാനിടയുണ്ടോയെന്ന് ജില്ലാ പോലീസ് മേധാവിയോടും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ടോ എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയറോടും പ്രസ്തുത വസ്തു ശ്മശാന നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് സബ് കളക്ടറോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | അനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (ബി) | കടമക്കുടി വില്ലേജിൽ കടമക്കുടി ഗ്രാമപഞ്ചായത്ത് വക റീ സർവ്വെ 28/9-ൽ ഉൾപ്പെട്ട 11.10 ആർ സ്ഥലത്ത് ശ്മശാന നിർമ്മാണ അനുമതിക്കും ലൈസൻസിനുമായി കടമക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.1.2017-ൽ സമർപ്പിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല. എന്നാൽ എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട് എന്നും ടി അപേക്ഷയിൽ കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ 6(7) പ്രകാരം, ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനും കടമക്കുടി വില്ലേജ് ഓഫീസിലും കടമക്കുടി ഗ്രാമപഞ്ചായത്തിലും നിശ്ചിത |

| | | | |
|---|---|---|---|
| | | | മാതൃകയിലുള്ള നോട്ടീസ് പരസ്യപ്പെടുത്തുവാൻ നൽകിയിട്ടുണ്ടെന്നും ശ്മശാന നിർമ്മാണത്തിന് അനുമതി നൽകിയാൽ ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാനപ്രശ്നം ഉണ്ടാകാനിടയുണ്ടോയെന്ന് ജില്ലാ പോലീസ് മേധാവിയോടും മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ടോ എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയറോടും പ്രസ്തുത വസ്തു ശ്മശാന നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് സബ് കളക്ടറോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭൂമി പൊതുശ്മശാനത്തിന് അനുയോജ്യമാണോ എന്നാരാഞ്ഞുകൊണ്ട് 2.7.2017-നും 30.4.2018-നും എറണാകുളം കളക്ടറേറ്റിൽ നിന്നും അയച്ച കത്തിന് മറുപടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (സി) | പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതായും റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പൊതുശ്മശാനത്തിനുള്ള അനുമതിയും ലൈസൻസും എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതായും റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ